നിഗൂഢമായി കൃഷ്ണനെ ആത്മാവുകൊണ്ട് അർച്ചിച്ചുപോന്ന ഗോപിക. കൃഷ്ണൻ കാലിൽ കോലരക്കിൻചാറണിഞ്ഞുകൊടുക്കുമ്പോൾ പുളകിതയാകുന്ന രാധിക. മക്കളെ മാറോടണയ്ക്കുന്ന സീത. ഷേയ്ക്കിന്റെ സന്തതികൾക്കു ധാത്രിയാവാൻ മരുഭൂമിയിലേക്കു പോകുന്ന ജെസ്സി. ഇവരെല്ലാം 'സ്ത്രീ'യുടെ ഗതകാലസത്തകളാണ്. ഇവർ നൽകുന്ന അനുഭൂതി വികസ്വരപുഷ്പത്തിന്റെ പുതുപരിമളമാണ്; കുളിർതണലാണ്; കടലിന്റെ പ്രക്ഷുബ്ധതയും കൊടുങ്കാറ്റിന്റെ ആഞ്ഞടിക്കലുമാണ്. ചിലപ്പോൾ ഇളംകാറ്റിന്റെ തലോടലും.

അമ്പലമണിയും മറ്റു നാല്പതു കവിതകളുമടങ്ങുന്ന ഈ സമാഹാരത്തിന് 1982-ലെ ഓടക്കുഴൽ അവാർഡും 1984-ലെ ആശാൻപ്രൈസും വയലാർ അവാർഡും ലഭിച്ചിട്ടുണ്ട്.



സുഗതകുമാരി
അമ്പലമണി

കവർ ഡിസൈൻ: ഷാഹുൽ അലിയാർ


ഡിസി ബുക്സ്
www.dcbooks.com
ISBN 81-713-0204-1
9 788171 302048 00018
കവിത
E-book available
₹ 125


സുഗതകുമാരി • അമ്പലമണി

ഡിസി ബുക്സ്

# സുഗതകുമാരി
# അമ്പലമണി

1984-ലെ വയലാർ അവാർഡ് നേടിയ കൃതി


8M1 SUG/A
CASMTVK BKS
535


dcb

## സുഗതകുമാരി

1934 ജനുവരിയിൽ ജനിച്ചു. തത്ത്വശാസ്ത്രത്തിൽ എം.എ. ബിരുദം. തിരുവനന്തപുരം ജവാഹർ ബാലഭവന്റെ പ്രിൻസിപ്പൽ, കുട്ടികൾക്കുള്ള 'തളിര്' മാസികയുടെ പത്രാധിപ, സംസ്ഥാന വനിതാക്കമ്മീഷൻ അദ്ധ്യക്ഷ എന്നീ സ്ഥാനങ്ങൾ വഹിച്ചു. പ്രകൃതിസംരക്ഷണസമിതിയുടെയും 'അഭയ'യുടെയും സ്ഥാപകസെക്രട്ടറി. കേരള സാഹിത്യ അക്കാദമി അവാർഡ് *(പാതിരാപ്പൂക്കൾ)*, സാഹിത്യ അക്കാദമി അവാർഡ്, സാഹിത്യ പ്രവർത്തക അവാർഡ് *(രാത്രിമഴ)*, ഓടക്കുഴൽ അവാർഡ്, ആശാൻ പ്രൈസ്, വയലാർ അവാർഡ് *(അമ്പലമണി)*, ആശാൻ സ്മാരക സമിതി (മദ്രാസ്) അവാർഡ് *(കുറിഞ്ഞിപ്പൂക്കൾ)*, വിശ്വദീപം അവാർഡ് *(തുലാവർഷപ്പച്ച)*, അബുദാബി മലയാളി സമാജം അവാർഡ് *(രാധയെവിടെ?)*, ജന്മാഷ്ടമി പുരസ്കാരം *(കൃഷ്ണകവിതകൾ)*, സാമൂഹ്യസേവനത്തിനുള്ള ഭാട്ടിയ അവാർഡ്, സേക്രഡ് സോൾ അന്തർദ്ദേശീയ പുരസ്കാരം, പ്രകൃതിസംരക്ഷണയത്നങ്ങൾക്കുള്ള ഇന്ത്യാ ഗവണ്മെന്റിന്റെ ആദ്യത്തെ വൃക്ഷമിത്ര അവാർഡ് എന്നിവ ലഭിച്ചു. 2006-ൽ രാഷ്ട്രം പത്മശ്രീ നല്കി ആദരിച്ചു.

### സുഗതകുമാരിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കവിത*

അമ്പലമണി
കുറിഞ്ഞിപ്പൂക്കൾ
രാത്രിമഴ
രാധയെവിടെ?
ദേവദാസി
കൃഷ്ണകവിതകൾ
മണലെഴുത്ത്
സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം
തുലാവർഷപ്പച്ച
കുടത്തിലെ കടൽ

*ബാലസാഹിത്യം*

വാഴത്തേൻ
ഒരു കുല പൂവുംകൂടി
അയലത്തു പറയുന്ന കഥകൾ

*ലേഖനം*

കാവു തീണ്ടല്ലേ...
മേഘം വന്നു തൊട്ടപ്പോൾ
വാരിയെല്ല്
കാടിനു കാവൽ

സുഗതകുമാരി

# അമ്പലമണി

ഡി സി ബുക്സ്

## ഉള്ളടക്കം


| | |
|---|---|
| അവതാരിക | 11 |
| സമാനഹൃദയ, നിനക്കായ് പാടുന്നേൻ | 29 |
| അമ്പലമണി | 31 |
| അകലെനിന്നൊരു സുഗന്ധം | 34 |
| കൃഷ്ണ, നീയെന്നെയറിയില്ല | 36 |
| ഇവൾക്കു മാത്രമായ് | 39 |
| മുറിവേറ്റ സിംഹം | 40 |
| ഉറക്കമില്ലാത്തൊരു രാത്രിയിൽ | 42 |
| ഫെയ്ത്തോൺ | 44 |
| പ്രിയദർശിനി, നിന്നെ സ്നേഹിച്ചു ഞങ്ങൾ | 61 |
| മഴത്തുള്ളി | 65 |
| അമൃതം ഗമയ | 66 |
| ഒരു പിശാചുള്ളിൽ കുടിയിരിക്കുന്നു | 71 |
| അമേരിക്കയിലെ മലയാളികൾക്ക് ഒരു കത്ത് | 72 |
| ആരു വിളിപ്പൂ? | 74 |
| ഏകാന്തത | 76 |
| നിന്നെ ഞാനെന്തു ചെയ്യട്ടേ | 78 |
| തണലറിവീല | 80 |
| ലില്ലിക്ക്, ഒരു കത്തിനു പകരം | 81 |
| എങ്ങനെ? | 84 |
| ഒരു ഹിപ്പിയെപ്പറ്റി | 85 |
| ഒരു ചിരി | 88 |
| താരാട്ട് | 89 |
| സുഖം | 90 |
| നിന്നെ വിട്ടെങ്ങു പോകാൻ? | 91 |
| കാവൽ | 95 |
| ഒരു വൃന്ദാവനരംഗം | 97 |

| | |
|---|---|
| ഒരു സ്വാതന്ത്ര്യദിനത്തിൽ | 99 |
| ഒരു കോളേജ് കവിസമ്മേളനം | 101 |
| യാത്രയ്ക്കിടയിൽ | 105 |
| ജെസ്സി | 106 |
| ഇന്നത്തെ സന്ധ്യയോ | 110 |
| സ്ത്രീപർവം | 112 |
| സ്വാതന്ത്ര്യസൂര്യനോട് | 125 |
| മരത്തിനു സ്തുതി | 127 |
| തെംസ് നദിയോട് | 129 |
| ഒരു വീഴ്ചയുടെ ഓർമ | 132 |
| ജീവനഗാനം | 135 |
| പാതിരാക്കിളി, പാട്ടു നിർത്തുക | 137 |
| ആഗസ്റ്റ് 15, 1981 | 138 |
| തലശ്ശേരികൾ | 142 |
| വഴിയമ്പലത്തിലെ പാട്ട് | 144 |


# അവതാരിക

വിരുദ്ധധ്രുവങ്ങൾ അന്യോന്യം ആകർഷിക്കുന്നു എന്നതാണു കാന്തമണ്ഡലത്തിലെ ശാസ്ത്രനിയമം. സമാനധ്രുവങ്ങൾ അന്യോന്യം ആകർഷിക്കുന്നു എന്നതാണ് കാവ്യമണ്ഡലത്തിലെ ശാസ്ത്രം. ഒരു കവിയുടെ സൃഷ്ടികളുമായി പരിപൂർണമായ ഹൃദയസംവാദമുണ്ടാകണമെങ്കിൽ ആസ്വാദകന്റെ അന്തരാത്മാവ് സമാനധർമാവായിരിക്കണം. അപ്പോഴേ കവിയുമായി ആത്മൈക്യം വരൂ. ആത്മൈക്യമുണ്ടാകാതെ സമ്പൂർണമായ മനസ്സിലാക്കലോ, അഭിരമിക്കലോ സാദ്ധ്യമല്ല. ഈ സത്യത്തെക്കുറിച്ചു പ്രാചീനരും ബോധവാന്മാരായിരുന്നു. ആ ബോധത്തിൽനിന്ന് ഉയർന്ന ആത്മീയരോദനങ്ങളും ആശ്വാസനിശ്വാസങ്ങളും ഇവിടെ പണ്ടും മുഴങ്ങിയിട്ടുണ്ട്. ഭവഭൂതി ആശ്വസിച്ചു:

'ഉൽപസ്യതേ മമഹി കോപി സമാനധർമാ
കാലോഹ്യയം നിരവധിർ വിപുലാ ച പൃഥ്വീ.'

തനിക്കു സമാനധർമാവായ ആസ്വാദകർ ലോകത്തിന്റെ വല്ല മൂലയിലും വല്ല കാലത്തും ഉണ്ടാകാതിരിക്കില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ആശ്വാസം. അതിന്റെ വ്യംഗ്യമാകട്ടെ, സ്വന്തം കാലഘട്ടത്തിൽ സമാന ധർമാക്കളായ ആസ്വാദകർ അത്രയേറെ ഉണ്ടാകാഞ്ഞതിനെപ്പറ്റിയുള്ള ആത്മീയരോദനവുമായിരുന്നു. ആസ്വാദകലോകത്തിൽ സമാനധർമാക്കളുടെ എണ്ണം കുറയുമ്പോൾ ഉത്കണ്ഠയും വേദനയും തോന്നാത്ത കവികളില്ല. ഭവഭൂതിയെപ്പോലെ വാച്യമായി പ്രസ്താവിച്ചില്ലെങ്കിലും 'എവിടെയെങ്കിലും എപ്പോഴെങ്കിലും ഉണ്ടാവും' എന്ന വിശ്വാസവും ആശ്വാസവുമാണ് പലപ്പോഴും കവികളെ മുന്നോട്ടു നയിക്കുന്നത്; കവനകർമത്തിലേക്കു നിരന്തരമായി ആകർഷിക്കുന്നത്. ആയിരത്താണ്ടുകൾക്കുശേഷം ഭവഭൂതിയുടെ വാക്കുകളുൾക്കൊള്ളുന്ന വ്യംഗ്യമിതാ, നാം സുഗതകുമാരിയുടെ വാക്കുകളിലൂടെ കേൾക്കുന്നു.

'ഞാനറിയുന്നൂ ഞാനറിയാത്തോ-
രിടത്തിലെങ്ങാമോ,
നീ വാഴുന്നൂ; സമാനഹൃദയ
നിനക്കായ് പാടുന്നേൻ.'

'എൻ മിഴി നനയുവതേതേതിൽ, അതി-
ലാമിഴി നനയുന്നൂ....